# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/69/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/69/2023 തീയ്യതി: 23/03/2023

## കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2022 മുതൽ 12-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 05-01-2022 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ. ഷിജു.എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി. അന്ന അബ്രഹാം, ഓഡിറ്റർ (ഹയർ ഗ്രേഡ്).
ശ്രീമതി. രമ്യ.ടി, ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി സി നസിയത്ത് ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എൻ.യു ഇബ്രാഹിം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എ.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ.ടി.വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ: മനു മാത്യു | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ: ഷൈനി.എം | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ: അങ്കിത.എ.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലളിത.എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി .അനുശ്രീ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 11-11-2021 | 31-03-2022 |
| ശ്രീമതി.ഷൈനി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇരിക്കൂർ | 01-04-2021 | 28-01-2022 |
| ശ്രീ.ജലാലുദ്ദീൻ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇരിക്കൂർ | 29-01-2022 | 31-03-2022 |
| ശ്രീ.രമേശ് ബാബു.കൊയിറ്റി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ് | 01-04-2021 | 27-04-2021 |
| ശ്രീമതി തങ്കമ്മ.ടി ഡി | അസിസ്റ്റന്റ് സെക്രട്ടറി | 28-04-2021 | 13-07-2021 |
| ശ്രീ.പത്മനാഭൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക | 1-2 |
| 5 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | അനധികൃതകെട്ടിടങ്ങളുടെ ഉൾപ്പെടെ വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക -തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-11 |
| 16 | തേക്ക് മരം വാല്യൂവേഷനിൽ കുറവ് ചെയ്ത് ലേലം നടത്തിയത് സാധൂകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. | 1-12 |
| 17 | കംഫർട്ട് സ്റ്റേഷൻ ലേലം-കുടിശ്ശിക ഈടാക്കിയത് സംബന്ധിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-13 |
| 18 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. ₹ 113500 | 1-14 |
| 19 | ആർജ്ജിതാവധി ടെർമിനൽ സറണ്ടർ കുടിശ്ശിക-₹47016 അധികം അനുവദിച്ചു. | 1-15 |
| 20 | ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. | 1-16 |
| 21 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ. | 1-17 |
| 22 | എസ് പി സി കേഡറ്റുകൾക്ക് ധനസഹായം - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ - ചെലവ് തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |

| | | |
|---|---|---|
| 23 | അങ്കണവാടി പോഷകാഹാരം-തീരമൈത്രിക്ക് ₹ 2,41,057 അധികം അനുവദിച്ചു. | 1-19 |
| 24 | അങ്കണവാടി പോഷകാഹാര വിതരണം .ട്രാൻസ്പോർട്ടേഷന് അധികം നൽകിയ ₹1077 തടസ്സപ്പെടുത്തുന്നു. | 1-20 |
| 25 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-₹1,30,000 തടസ്സപ്പെടുത്തുന്നു | 1-21 |
| 26 | ഗാർഹിക റിംങ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം-പ്രോജക്റ്റ് നിർവഹണത്തിലെ അപാകങ്ങൾ | 1-22 |
| 27 | ലൈഫ്-അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-23 |
| 28 | ലൈഫ് മിഷൻ -വായ്പ തുക തിരിച്ചടച്ചിട്ടും വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹176000/- തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് . | 1-24 |
| 29 | കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം. | 1-25 |
| 30 | ഹോമിയോ (എൻ.എച്ച്.എം) ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. | 1-26 |
| 31 | ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ ,പ്രിന്റർ വാങ്ങൽ-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-27 |
| 32 | തുടർ വിദ്യാഭ്യാസ പരിപാടി - പ്രോജക്റ്റ് നിർവഹണത്തിലെ അപാകങ്ങൾ | 1-28 |
| 33 | വിജിലിൻസ് & ആൻഡി കറപ്ഷൻ ബ്യൂറോ ക്രമക്കേട് കണ്ടെത്തിയ മാമാനിക്കുന്ന് സിദ്ധീഖ് നഗർ റോഡ് നിർമ്മാണത്തിൽ (പ്രോജക്റ്റ് നമ്പർ-18/11) അധികം നൽകിയ തുക 68,304/-രൂപ പലിശ സഹിതം ഈടാക്കുന്നതിലെ കാലതാമസം. | 1-29 |
| 34 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| 35 | റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടി പോഷകാഹാരം-തീരമൈത്രിക്ക് ₹ 2,41,057 അധികം അനുവദിച്ചു. | 3-1 |
| 2 | ആർജ്ജിതാവധി ടെർമിനൽ സറണ്ടർ കുടിശ്ശിക-₹47016 അധികം | 3-2 |

| | | |
|---|---|---|
| | അനുവദിച്ചു. | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 15-02-2021 തീയതിയിലെ യോഗത്തിലെ 18/2021 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 19-02-2021 തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-60/2021) 22-02-2021 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 63/2021 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 10-03-2022 തീയതിയിലെ യോഗത്തിലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ-22/22) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 23-03-2022 തീയതിയിലെ 16/22 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3500000 | 3500000 |
| വരവ് | 114881550 | 112681550 |
| ആകെ | 118381550 | 116181550 |
| ചെലവ് | 116454850 | 113924850 |
| നീക്കിയിരിപ്പ് | 1926700 | 2256700 |

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ്സ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് കുറിപ്പുകൾ

2. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

3. പെർഫോമൻസ് ബജറ്റ്

4. ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽസൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ്സ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ (ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 22-06-2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15-06-2022 തീയതിയിലെ 16/22 നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക അംഗീകരിക്കുകയുണ്ടായി.

### 1-2-1 വാർഷികകണക്കുകളിലെ അപാകങ്ങൾ

2021-22 വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ബാലൻസ് ഷീറ്റ് B 7 ഷെഡ്യൂളിൽ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് നിക്ഷേപമായി 37500/- രൂപ കാണുന്നു. ആയതു നാളിതുവരെയായി തിരിച്ച നൽകിയതായി കാണുന്നില്ല.

2) ബാലൻസ് ഷീറ്റ് അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ഭരണസമിതി അംഗങ്ങളുടെ മാർച്ച് 2022 മാസത്തെ സിറ്റിംഗ് ഫീ, ഹോണറേറിയം തുടങ്ങിയവ ഉൾപ്പെട്ടതായി കാണുന്നില്ല.

3) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. ഇവ ഉൾപ്പെടുത്തിയിട്ടില്ല.

4) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62f).

5) 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

6) ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം ഫീ LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കാനുള്ള തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables) ൽ ഉൾപ്പെടുത്തിയിട്ടില്ല.

7) വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല പർച്ചേസുകൾ നടത്തുന്നത്.

8) Shedule B15കോഡ് നമ്പർ 431100104 പ്രകാരം ഭീമമായ തുക അരിയർ കാണുന്നു.

9) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

10) സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ചെലവും AFSലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ ഷെഡ്യൂൾ I-6ലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7108851 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47459561 |
| ആകെ | 54568412 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44599746 |
| നീക്കിയിരിപ്പ് | 9968666 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 288073 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 181077 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് /സ്രോതസ്സിൽ | നീക്കിയിരിപ്പ് | ക്യൂ ബിൽ തുക | ചെലവു ശതമാനം |
|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | നിന്ന് കുറവ് ചെയ്ത തുക | | | |
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 7975127 | 7975127 | 7975127 | 613047 | - | - | 100 |
| വികസനഫണ്ട് എസ്.സി. പി | | 0 | 337000 | 337000 | 337000 | | | | 100 |
| വികസനഫണ്ട് ടി. എസ്. പി | | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 0 | 6663000 | 6663000 | 5766585 | 0 | 0 | 0 | 86.54 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | 0 | 5167312 | 5167312 | 2959415 | 0 | 0 | 0 | 57.27 |
| ധനകാര്യ കമ്മിഷന്ഗ്രാന്റ്-ടൈഡ് | | 0 | 2886563 | 2886563 | 2015499 | 0 | 0 | 0 | 69.82 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് | | 0 | 1497000 | 1497000 | 1359159 | 0 | 0 | 0 | 90.79 |
| കെ എൽ എസ് ജി ഡി പി ഗ്രാന്റ് | | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ജലനിധി | | 66909 | 447223 | 514132 | 514132 | - | - | - | - |
| സാക്ഷരത | | 1935 | 0 | 1935 | - | - | 1935 | - | - |
| ദുരിതാശ്വാസനിധി | | 69107 | 18526 | 87633 | - | - | 87633 | - | 0 |
| കേന്ദ്രാവിഷ്കൃതപദ്ധതികൾ | | | | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | കൂലി | 10377541 | 10377541 | 0 | 0 | 0 | 0 | 0 | 0 |
| | ഭരണചെലവ് | 9007 | 398794 | 407801 | 407801 | 405532 | 2269 | 0 | 0 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | | -- | --- | --- | --- | --- | ----- | ----- | --- |
| ടി എസ് സി | | ---- | ----- | ------ | ------ | ------ | ----- | ----- | --- |
| മറ്റുള്ളവ | | | | | | | | | |
| സംയുക്ത പ്രൊജക്റ്റിന് വേണ്ടി ലഭിച്ച ഫണ്ടുകൾ | | | | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | | 0 | 1254223 | 1254223 | 1254223 | 0 | 0 | 0 | 100 |
| ജില്ലാ പഞ്ചായത്ത് | | 0 | 1254223 | 1254223 | 1254223 | 0 | 0 | 0 | 100 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 133 | 59397813 | 109 | 29257982 | 5 | 104 | 24 | 78.20 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച | നടപ്പിലാ | പദ്ധതി | പദ്ധതി | ചെലവ് |
|---|---|---|---|---|---|

| | പദ്ധതികളുടെ എണ്ണം | ക്കിയത് | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 1011790 | 989470 | 97.79 |
| വെറ്റിനറി സർജൻ | 7 | 7 | 1682000 | 1178390 | 70.06 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 5 | 5 | 2228476 | 2034484 | 91.29 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 3 | 3 | 880500 | 840297 | 95.43 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 11 | 16055319 | 3490226 | 21.74 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 3345100 | 3035767 | 90.75 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 23 | 17 | 6901040 | 3813298 | 55.26 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 60 | 47 | 25909988 | 13763510 | 53.12 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100000 | 79000 | 79 |
| അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 3 | 2 | 1283600 | 33540 | 2.61 |
| ആകെ | 133 | 109 | 59397813 | 29257982 | 49.26 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9007 | 398794 | 407801 | 405532 | 2269 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10377541 | 10377541 | 10377541 | 0 |
| ആകെ | 9007 | 10776335 | 10785342 | 10783073 | 2269 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്ന ത് ക്രമപ്രകാരമല്ല.

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. . തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ

പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

2)മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

A)മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തിയിട്ടില്ല.

B)മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകളായി സമർപ്പിച്ചിട്ടുള്ളത് സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭ്യമായ ബില്ലുകളല്ല .പകരം അതാത് കരാറുകാരന്റെ പേരിലുള്ള ബില്ലുകളാണ് വച്ചിരിക്കുന്നത്.

3)റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.അതിനാൽ മറ്റേതെങ്കിലും പദ്ധതി പ്രകാരം മുൻപ് കോൺക്രീറ്റ് പ്രവർത്തി നടന്ന ഭാഗത്തുതന്നെയാണോ വീണ്ടും കോൺക്രീറ്റ് നടക്കുന്നതെന്ന കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയുന്നില്ല. ക്രമക്കേടുകൾ പരിഹരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

4)എസ്റ്റിമേറ്റ് തുകയേക്കാൾ അധികം അനുവദിച്ചു.

ജെ.എൽ.ഗ്രൂപ്പുകൾക്ക് കൃഷി പ്രവൃത്തികൾ (വാർഡ് 4) (WC/388361)എന്ന പ്രവൃത്തിക്ക് 302.45 മനുഷ്യദിനങ്ങൾ ഉൾക്കൊള്ളുന്ന ₹94800 യുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്.എന്നാൽ പ്രവൃത്തി പൂർത്തിയായപ്പോൾ 354 മനുഷ്യദിനങ്ങൾ ഉൾപ്പെടെ ₹104784 (എം.ബുക്ക് നം.19/2021-22)ടെ ചെലവ് വന്നിട്ടുണ്ട്. എസ്റ്റിമേറ്റിനേക്കാൾ അധികരിച്ച നിരക്കിൽ ചെലവ് വന്നത് ക്രമപ്രകാരമല്ല.മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(23/16.1.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടി ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 13 | 23880 |
| കർഷക തൊഴിലാളി പെൻഷൻ | 81 | 1364800 |
| വിധവാ പെൻഷൻ | 668 | 10384800 |
| വാർദ്ധക്യകാല പെൻഷൻ | 872 | 12607400 |
| വികലാംഗ പെൻഷൻ | 218 | 3243800 |
| അവിവാഹിത പെൻഷൻ | 5 | 86400 |
| വിവാഹ ധനസഹായം | 23 | 690000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-01-2023 തീയ്യതിയിൽ 2.45 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 462/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര

നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ചതും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കുന്നില്ല.

വാർഡ്തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുകയും കൃത്യമായ കണക്കുകൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതെ വരികയും ചെയ്യുന്നു.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായും ഫലപ്രദമായും മോണിറ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് തന്നെയും സാധിക്കാതെ വന്നിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കണ്ട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തന്നെ അപൂർണ്ണവുമാണ്. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്) തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ട്രേഡേഴ്സ് ലിസ്റ്റ് വാർഡ്തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഒക്ടോബർ-നവംബർ 2022) റുട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2019 ജൂലൈ, ആഗസ്ത് മാസം മുതലുള്ള 11 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കുവാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

1-11 അനധികൃതകെട്ടിടങ്ങളുടെ ഉൾപ്പെടെ വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക

-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

| വാർഡ് / കെട്ടിട നമ്പർ | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി ₹ | കുടിശ്ശിക കാലയളവ് | കുടിശ്ശിക (2022) രണ്ടാം അർദ്ധവർഷം വരെ |
|---|---|---|---|---|
| 4/307 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 4800 | 2019-20 ഒന്നാം അർദ്ധവർഷം മുതൽ | 21120(ലൈബ്രറി സെസ്സ് ,സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) |
| 4/174 | ഡിഷ്നെറ്റ് വയർലസ്സ് | 7200 | 2019-20 ഒന്നാം അർദ്ധവർഷം മുതൽ | 31680 (ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/10.01.23). നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബഹു.ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി കണ്ണൂരിൽ കേസ്സ് ഫയൽ ചെയ്തിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയത്. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 4 അനധികൃത കെട്ടിടങ്ങളാണുള്ളത്.ആയതിൽ 3 കെട്ടിടങ്ങൾക്ക് വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വസ്തുനികുതി ₹ | കുടിശ്ശിക കാലയളവ് | കുടിശ്ശിക(ലൈബ്രറി സെസ്സ് ,സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) 2022 രണ്ടാം അർദ്ധവർഷം വരെ |
|---|---|---|---|---|
| 5/64A | രാവാരിപാത്ത് പാനേരി ഷാജഹാൻ | 2160 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ | 23112 |
| 5/64B | രാവാരിപാത്ത് പാനേരി ഷാജഹാൻ കീത്തടത്ത് സഫീറ | 41370 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ | 442666 |
| 6/508A | കിണാക്കൂൽ അബ്ദു സലാം | 103170 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ | 1103926 |

മേൽ പറഞ്ഞ അനധികൃത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിനും, അനധികൃത നിർമ്മാണം പിഴയീടാക്കി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/10.01.23) നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബഹു.ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി കണ്ണൂരിൽ കേസ്സ് ഫയൽ ചെയ്തിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയത്. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തേക്ക് മരം വാല്യുവേഷനിൽ കുറവ് ചെയ്ത് ലേലം നടത്തിയത് സാധൂകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ സി.എച്ച്.സി കോമ്പൗണ്ടിലുള്ള തേക്ക് മരത്തിന് സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ , കണ്ണൂരിൽ നിന്നും 333522/-രൂപ വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പല തവണ ലേലം ചെയ്തിട്ടും ലേലം കൊള്ളാത്തതിനാൽ വാല്യുവേഷനിൽ കുറവ് ചെയ്ത് ലേലം നടത്താൻ 10.08.21 തീയതിയിലെ ഭരണസമിതി തീരുമാനം എടുക്കുകയും , 17.08.21 ൽ നടന്ന ലേല നടപടിയിൽ 179000/- രൂപക്ക് ലേലം വിളിച്ച ശ്രീ.ലൈജു എന്ന വ്യക്തിക്ക് ലേലം അംഗീകരിച്ച് നൽകുകയുണ്ടായി.(20.08.21 തീയതിയിലെ ഭരണസമിതി തീരുമാനം).ലേലഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ലേല പരസ്യത്തിലെ വ്യവസ്ഥകൾ പ്രകാരം ലേലം കൊണ്ടവർ ലേല സംഖ്യയും 18% ജി.എസ്.ടി യും,വനവികസന നികുതി 5% ഉൾപ്പെടെ അടച്ച് രശീതി കൈപ്പറ്റേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലേലം സംബന്ധിച്ച ഫയലുകൾ പ്രകാരം 179000/- രൂപ ലേലത്തുകയും,41170/-രൂപ ജി.എസ്.ടി,വനവികസന നികുതി എന്നിവയും ഉൾപ്പെടെ ആകെ 2,20,170/-ആണ് ഈടാക്കേണ്ടിയിരുന്നത്.എന്നാൽ ലേലസംഖ്യയായി 145600/-രൂപയും (രശീതി നം 121030100644/17.08.21) നികുതികളായി 33488/-രൂപയും (രശീതി നം 121030100672/18.08.21) ഉൾപ്പെടെ 179088/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.ഇതു പ്രകാരം 41082/-യുടെ കുറവുണ്ടായിട്ടുണ്ട്.

2.ലേല ഡയറി പ്രകാരം ക്വാട്ട് ചെയ്ത തുക 178350/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ലേലഡയറി പ്രകാരമുള്ള തുകയും ,ഭരണസമിതി തീരുമാനത്തിലുള്ള തുകയും (179000/-രൂപ) തമ്മിലുള്ള വ്യത്യാസത്തിന് വ്യക്തത വരുത്തേണ്ടതാണ്. ലേലഡയറിയിലെ തിരുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ലേല ഡയറി അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.
4.സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ,കണ്ണൂർനൽകിയ വാല്യവേഷൻ തുകയെക്കാളും പകുതിയോടടുത്ത നിരക്കിൽ മാത്രം ലേലം ചെയ്യുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/10.01.23) സി.എച്ച്.സി കോമ്പൗണ്ടിലുള്ള തേക്ക് മരത്തിന് സോഷ്യൽ ഫോറസ്റ്റി ഡിവിഷൻ നൽകിയ മൂല്യനിർണ്ണയപ്രകാരം 2017 മുതൽ ലേലം ചെയ്തു വന്നെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തില്ലെന്നും, തുടർന്ന് മരത്തിന്റെ അപകടാവസ്ഥ ചൂണ്ടിക്കാണിച്ച് വാർഡ് മെമ്പർമാർ ,പോലീസ് തുടങ്ങിയവർ നടപടി എടുക്കാൻ ആവശ്യമുന്നയിച്ചതിനെ തുടർന്ന് മരം മുറിക്കുകയും ലേലനടപടികൾ കൈക്കൊള്ളുകയും ചെയ്തെങ്കിലും, മരം ലേലം കൊള്ളാത്തതിനാൽ വനംവകുപ്പിനും ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും കത്ത് നൽകിയെങ്കിലും അനുമതി ലഭിക്കാത്തതിനാൽ ഭരണസമിതി തീരുമാനപ്രകാരം വില കുറച്ച് ലേലം ചെയ്തതെന്നും, ലേലത്തിൽ പങ്കെടുത്തവർ നികുതി ഉൾപ്പെടെയുള്ള തുകയാണ് വിളിക്കേണ്ടത് എന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലേലം നടത്തുകയാണുണ്ടായത് എന്ന മറുപടിയാണ് നൽകിയത്. ലേലസമയത്ത് ലേലനിബന്ധനകളിൽ മാറ്റം വരുത്തുകയെന്നത് ശരിയായ നടപടിക്രമമല്ല. കൂടാതെ മൂല്യനിർണ്ണയം കുറവ് ചെയ്ത ലേലം സാധൂകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കംഫർട്ട് സ്റ്റേഷൻ ലേലം-കുടിശ്ശിക ഈടാക്കിയത് സംബന്ധിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ടോയ് ലറ്റ്/കംഫർട്ട് സ്റ്റേഷന്റെ യൂസർ ഫീയും, പാർക്കിംഗ് ഏരിയയിലെ പാർക്കിംഗ് ഫീസും 01.04.20 മുതൽ 31.03.21 വരെയുള്ള കാലയളവിൽ പിരിച്ചെടുക്കാനുള്ള അവകാശം ശ്രീ.ഗംഗാധരൻ.വി ,പട്ടുവം ,ഇരിക്കൂർ എന്നയാൾക്ക് 13.03.20 ൽ നടന്ന ലേലപ്രകാരം നൽകിയിരുന്നു.ടിയാൻ ക്വാട്ട് ചെയ്ത തുക56000/- രൂപയാണ്. ലേല രജിസ്റ്റർ പ്രകാരം 16600/-രൂപയാണ് (രശീതി നം 119030104961/13.03.20) ടിയാൻ അടവാക്കിയിട്ടുള്ളത്.ഭരണസമിതി തീരുമാന പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും,ബാക്കി തുക അടവാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. 10.07.20 ലെ ഭരണസമിതി തീരുമാന പ്രകാരം ലേലസംഖ്യയുടെ പകുതി ഒഴിവാക്കി നൽകിയിട്ടുണ്ടെന്നും, ബാക്കി അടക്കാനുള്ളത് (ലേലത്തുക 14000/+ജി.എസ്.ടി 2660) 16660/- രൂപയാണെന്നും റവന്യൂ റിക്കവറി നടപടികൾ പ്രകാരം 8695/- ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. ₹ 113500

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും

ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2017-18 മുതൽ 2021-2022 വരെയുള്ള കാലയളവിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ 1,26,520/-രൂപ ലഭിക്കേണ്ടയിരുന്നുവെങ്കിലും (അസിസ്റ്റന്റ് എൻജിനീയറുടെ 27-08-2022 തീയതിയിലെ AE/LSGD /IKR/01/2022 നമ്പർ കത്ത് പ്രകാരം ക്ലെയിം ചെയ്ത തുക) 13020/-രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനയിനമായ ടെണ്ടർ ഫീസിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2018-19 | 17920 |
| 2019-20 | 20574 |
| 2020-21 | 42306 |
| 2021-22 | 32700 |
| ആകെ | 113500 |

ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള 113500/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ആർജ്ജിതാവധി ടെർമിനൽ സറണ്ടർ കുടിശ്ശിക-₹47016 അധികം അനുവദിച്ചു.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽനിന്നും 30.04.20 ന് വിരമിച്ച ശ്രീ.രവീന്ദ്രൻ കെ.എൻ., ക്ലർക്ക് എന്നവരുടെ ജി.ഒ.(പി)25/21 /ഫിൻ തി:8.2.21 നം ഉത്തരവ് പ്രകാരമുള്ള 258 ദിവസത്തെ ടെർമിനൽ സറണ്ടർ കുടിശ്ശിക ₹136594 തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് (വൗച്ചർ നം.22100207/24.12.21). അരിയർ തുക കണക്കാക്കിയതിൽ താഴെപ്പറയും പ്രകാരം അധികം വന്നിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| അർഹമായ തുക | | | | 2020-21ൽ ടെർമിനൽ സറണ്ടർ ആയി അനുവദിച്ച തുക | | | | കുടിശ്ശികയായി അനുവദിക്കേണ്ട തുക | കുടിശ്ശികയായി അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|---|---|---|
| Basic 57900 | DA(4%) | HRA @1250 | ആകെ | Basic 41500 | DA(20%) | HRA @1250 | ആകെ | 89578 | 136594 | 47016 |
| 497940 | 19918 | 10750 | 528608 | 356900 | 71380 | 10750 | 439030 | | | |

അധിക തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(19/15.1.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 47016/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-16 ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

വൗച്ചർ നം.22100126/2.6.21(ചെക്ക് നം.333110/2.6.21)

വൗച്ചർ നം.22100154/8.6.21(ചെക്ക് നം.344716/8.6.21)

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

കോവിഡ്-19 പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുൾപ്പെടെയുള്ള ജീവനക്കാർക്ക് ആകെ ₹4,88,733/- രൂപ ലീവ് സറണ്ടർ ആയി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്.

26.07.2021 ലെ ജി.ഒ (പി)നം. 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തുടർസർക്കാർ ഉത്തരവുകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 118/22 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി |
| അടങ്കൽ | 334250 (തനത് ഫണ്ട്) |
| ചെലവ് | 331500/-<br>Bill. No. 235/30/3/22 - 165750/-<br>133/10/2/22 - 165750/-<br>239/28/3/21 -162500/- (2020-21 ലെ ചെലവ് തുക) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് |

പ്രസ്തുത പ്രവൃത്തിയുടെ ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1) പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.
2) ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ നൽകിയതായി കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14 ന സമർപ്പിച്ച മറുപടിയിൽ എ എം സി നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും നിലവിൽ എല്ലാ വിളക്കുകളും പ്രവർത്തിക്കുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഭാവിയിൽ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചുകൊണ്ടു പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 എസ് പി സി കേഡറ്റുകൾക്ക് ധനസഹായം - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ - ചെലവ് തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 57/22 എസ് പി സി കേഡറ്റുകൾക്ക് ധനസഹായം |
| അടങ്കൽ | 50000/- (തനത് ഫണ്ട്) |
| ചെലവ് | 50000/-<br>Bill. No. 187/17/3/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഇരിക്കൂർ ഗ്രാമ പഞ്ചായത് |

എസ് പി സി കേഡറ്റുകൾക്ക് കോൺഫറൻസ് ഹാൾ ഒരുക്കുന്നതിനും ലാപ്ടോപ്പ് വാങ്ങുന്നതിനുമാണ് പ്രോജക്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു .

1) കോൺഫറൻസ് ഹാൾ ഒരുക്കുന്നതിന് എന്ത് പ്രവൃത്തി ചെയ്തു എന്ന് ഫയലിൽ വിവരങ്ങൾ ലഭ്യമല്ല.

2) ലാപ്ടോപ്പ് വാങ്ങിയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല .

3)നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കാതെ ഇരിക്കൂർ ഗവ.ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പദ്ധതി നടപ്പിലാക്കിയതിലെ ഔചിത്യം വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15 ന സമർപ്പിച്ച മറുപടിയിൽ ഇരിക്കൂർ ഗവ : ഹൈസ്കൂളിലെ പ്രധാനാധ്യാപകന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. ലാപ്ടോപ്പ് വാങ്ങിയതിന്റെയോ മറ്റു പ്രവൃത്തികൾ നടത്തിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്. ഭാവിയിൽ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചുകൊണ്ടു പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവ് രേഖകൾ പ്രവൃത്തി വിവരങ്ങൾ എന്നിവ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 അങ്കണവാടി പോഷകാഹാരം-തീരമൈത്രിക്ക് ₹ 2,41,057 അധികം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രൊജക്ട് നമ്പർ | 13/2022 |
| അടങ്കൽ | ₹10,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹10,00,000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ 20,00,000 |
| ചെലവ് | ₹9,93,798 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹8,64,165 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ 1857963 |
| ബിൽ നം/തിയതി | ₹772946-1/21-22/25.6.21<br>₹191753-2/21-22/30.9.21<br>₹29099-4/21-22/30.9.21<br>₹528711-ചെക്ക് നം.303133/12.11.21<br>₹335454-ചെക്ക് നം.333221/28.6.21 |

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ ന്യൂട്രിമിക്സ് ഉൾപ്പെടെയുള്ള പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്ട്. ഗോതമ്പ്, ചെറുപയർ, ഉഴുന്നുപരിപ്പ്, കടല മുതലായ ഭക്ഷ്യവസ്തുക്കൾ തീരമൈത്രി സൂപ്പർമാർക്കറ്റ്, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് ശ്രേയസ് ന്യൂട്രിമിക്സ് യൂണിറ്റ്, പടിയൂരിൽ നിന്നുമാണ് വാങ്ങുന്നത്. പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും പരിശോധിച്ചപ്പോൾ, 18.12.2019 ന് തീരമൈത്രി യൂണിറ്റ് വിതരണം ചെയ്ത ഗോതമ്പ്, ചെറുപയർ, ഉഴുന്നുപരിപ്പ്, കടല, എണ്ണ, ശർക്കര എന്നീ ഭക്ഷ്യവസ്തുക്കളുടെ വിലയായ ₹310334 (ഇൻവോയ്സ് നം.2660/18.12.19) തീരമൈത്രി യൂണിറ്റിന്റെ 145433000000023 നം അക്കൗണ്ടിലേക്ക് ബിൽ നം. 1/21-22/25.6.21 പ്രകാരം നൽകിയിട്ടുണ്ട്.2019-20 സാമ്പത്തികവർഷം നടപ്പിലാക്കിയ

പ്രോജക്ടിൽ ഇൻവോയ്സ് നം.2660/18.12.19 നമ്പർ പ്രകാരം വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ തുക നാളിതുവരെയായി ലഭ്യമായിട്ടില്ല എന്നും ആയത് അടിയന്തിരമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുള്ള തീരമൈത്രി യൂണിറ്റിന്റെ 4.1.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിലാണ് ടി തുക വിതരണം ചെയ്തിരിക്കുന്നത്.

എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ പ്രോജക്ടിലെ ബില്ലുകൾ പരിശോധിച്ചതിൽ നിന്നും 7/2019-20/7.3.20 നമ്പർ ബിൽ പ്രകാരം ₹241057, ഇതേ ഇൻവോയ്സ് (നം.2660/18.12.19) പ്രകാരമുള്ള ഭക്ഷ്യവസ്തുക്കളുടെ വിലയിനത്തിൽ തീരമൈത്രി യൂണിറ്റിന് നൽകിയിട്ടുണ്ട്.അതായത് ഒരേ ബില്ലിന് രണ്ടു തവണ പേയ്മെന്റ് നൽകിയ വകയിൽ ₹241057 തീരമൈത്രി യൂണിറ്റിന് അധികം നൽകിയിട്ടുണ്ട്.₹241057 അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(6/11.1.23) ടി തുക ഭാഗികമായി പേയ്മെന്റ് വന്നുവെന്ന് മനസ്സിലാക്കുന്നതിൽ വീഴ്ച പറ്റിയതാണെന്നും തുക തീരമൈത്രിയിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിൽ കുടിശ്ശികയുള്ള വിവരം നിർവഹണഉദ്യോഗസ്ഥൻ അറിയിക്കാത്ത സാഹചര്യത്തിൽ കുടിശ്ശികക്കുള്ള സ്ഥാപനത്തിന്റെ ക്ലെയിം വിശദപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.കുടിശ്ശികയായി വരുന്ന ബില്ലുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരമല്ലാതെ ചെലവ് നടത്തുമ്പോൾ അത് കുടിശ്ശിക ആവാനുള്ള കാരണം വിശദമായ പരിശോധനക്ക് വിധേയമാക്കിയ ശേഷം സ്ഥിതി വിവരം നിർവഹണഉദ്യോഗസ്ഥൻ ഭരണസമിതിയിൽ അറിയിച്ച് അംഗീകാരം നേടേണ്ടതുമാണ്.പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീയാക്കുകയോ, 2019-20 സാമ്പത്തിക വർഷത്തിലെ കുടിശ്ശികയായി വന്ന മേൽ ചെലവിന് ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.ഇപ്രകാരം ഭരണസമിതി അംഗീകാരമില്ലാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അങ്കണവാടി പോഷകാഹാരങ്ങളുടെ വില ഇനത്തിൽ അധികം അനുവദിച്ച ₹241057 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 അങ്കണവാടി പോഷകാഹാര വിതരണം .ട്രാൻസ്പോർട്ടേഷന് അധികം നൽകിയ ₹1077 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രൊജക്ട് നമ്പർ | 13/2022 |
| അടങ്കൽ | ₹10,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹10,00,000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ ₹20,00,000 |
| ചെലവ് | ₹9,93,798 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹8,64,165 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ ₹1857963 |
| ബിൽ നം/തിയതി | ₹772946-1/21-22/25.6.21<br>₹191753-2/21-22/30.9.21<br>₹29099-4/21-22/30.9.21<br>₹528711-ചെക്ക് നം.303133/12.11.21<br>₹335454-ചെക്ക് നം.333221/28.6.21 |

2021-22 കാലയളവിൽ ന്യൂട്രിമിക്സ്, ഫുഡ് സപ്ലിമെന്റ് എന്നിവ പഞ്ചായത്തിലെ 13 അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി മത്സരാധിഷ്ഠിത ക്വട്ടേഷൻ നടപടികളിലൂടെ ഷിഹാബുദ്ധീൻ കെ.പി. എന്ന ആളെ തിരഞ്ഞെടുത്തിട്ടുണ്ട്. 29.7.21 ലെ ക്വട്ടേഷൻ ₹2.7/kg നിരക്കിൽ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അതിന് മുൻപ് നടത്തിയ താഴെപ്പറയുന്ന ന്യൂട്രിമിക്സ്, ഫുഡ് സപ്ലിമെന്റ് വിതരണത്തിന് മുൻവർഷത്തെ ക്വട്ടേഷൻ തുകയായ ₹2.6/kg നൽകേണ്ടുന്നതിനു പകരം ₹2.7/kg നിരക്കിൽ ആണ് നൽകിയിരിക്കുന്നത് (2020-21 സാമ്പത്തിക വർഷവും ഇതേ വ്യക്തിക്ക് തന്നെയാണ് കരാർ ലഭിച്ചിരുന്നത്).

| ബിൽ നം | വിതരണം ചെയ്ത സാധനം/മാസം | തൂക്കം Kg | ട്രാൻസ്പോർട്ടേഷൻ തുക നൽകിയത് | ട്രാൻസ്പോർട്ടേഷൻ തുക നൽകേണ്ടിയിരുന്നത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ന്യൂട്രിമിക്സ്(ഏപ്രിൽ) | 1107 | | |
| ₹29099-4/21-22 /30.09.21 | ന്യൂട്രിമിക്സ്(മെയ്) | 961.875 | | |
| | ന്യൂട്രിമിക്സ്(ജൂൺ) | 1427.625 | | |
| | ന്യൂട്രിമിക്സ്(ജൂലൈ) | 1181.25 | 29099 | 28022 |
| | SNP ജനറൽ ഫീഡിംഗ്(ഏപ്രിൽ) | 4225 | | |
| | WBNP അരി(മെയ്) | 815 | | |
| | WBNP അരി(ജൂലൈ) | 1060 | | |
| | ആകെ | 10777.75 | | |

മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (7/11.1.23), ശ്രദ്ധക്കുറവ് സംഭവിച്ചതാണെന്നും മേൽ അപാകം ആവർത്തിക്കുന്നതല്ലെന്നും മറുപടി നൽകിയിട്ടുണ്ട്. 1077/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-21 വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- ₹1,30,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നം. | 54/22 |
| പ്രൊജക്ടിന്റെ പേര് | വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം |
| അടങ്കൽ | 1,30,000/- വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 1,30,000/- ബിൽ നം.22/27.3.22 |

പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകൾ പ്രകാരം നീതി ഹെൽപ്പ് ഡെസ്ക് എന്ന സംരംഭം തുടങ്ങുന്നതിനായി 2 ലക്ഷം രൂപ ഇരിക്കൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പയായി അനുവദിച്ചിട്ടുണ്ട്. (ബാങ്കിന്റെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുള്ള 23.10.21 ലെ കത്ത്).ടി കത്തിന്റെ അടിസ്ഥാനത്തിൽ₹1,30,000 സബ്സിഡി ഇനത്തിൽ ഇരിക്കൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.
പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.
1. പ്രോജക്ടിന്റെ കോപ്പി .
2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അഞ്ചു വനിതകൾ ഉൾപ്പെട്ട ഗ്രൂപ്പിനാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ നീതി ഹെൽപ്പ് ഡെസ്ക് തുടങ്ങിയ ഗ്രൂപ്പിൽ ആരൊക്കെയുണ്ട് എന്ന് വ്യക്തമല്ല. ഗ്രൂപ്പിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ തിരിച്ചറിയൽ രേഖകൾ ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.
3. നീതി ഹെൽപ്പ് ഡെസ്ക് ഇരിക്കൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിന്റെ പാസ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4. ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനാണ് 2 ലക്ഷം രൂപ ലോൺ എടുക്കുന്നതെന്ന് സംരംഭം തുടങ്ങുന്നതിനോട് അനുബന്ധിച്ച് ചേർന്ന മീറ്റിങ്ങിന്റെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പർച്ചേസ് ബിൽ /വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5. ഗുണഭോക്താക്കളുമായി വെച്ചിരിക്കുന്ന കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(21/15.1.23)മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ ₹1,30,000 തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം-പ്രോജക്ട് നിർവഹണത്തിലെ

അപാകങ്ങൾ

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് തുക/ ബിൽ നം | റിംങ് കമ്പോസ്റ്റ് യൂണിറ്റിന്റെ എണ്ണം | ഇൻവോയ്സ് നം. |
|---|---|---|---|---|---|
| 151/22 | ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് റിങ് കമ്പോസ്റ്റ് | ₹2,09,250/- ധനകാര്യ കമ്മീഷൻ അവാർഡ്<br>₹23,250/- ഗുണഭോക്തൃ വിഹിതം<br>ആകെ-₹2,32,500/- | ₹2,09,250/- ധനകാര്യ കമ്മീഷൻ അവാർഡ്<br>- 149/31.3.22 (ACR പ്രകാരം)<br>₹23,250/- ഗുണഭോക്തൃ വിഹിതം- 341631/31.3.22<br>ആകെ ₹232500 | 93 | TPA/919/ 21-22 Dt:24.3.22 |
| 93/22 | ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് റിങ് കമ്പോസ്റ്റ് | ₹7,26,000/- ധനകാര്യ കമ്മീഷൻ അവാർഡ്<br>₹80,750/- ഗുണഭോക്തൃ വിഹിതം<br>₹750/- തനത് ഫണ്ട്<br>ആകെ-₹807500 | 7,26,000/- ധനകാര്യ കമ്മീഷൻ അവാർഡ്-വൗച്ചർ നം.22100431/26.3.22<br>₹80,750/- ഗുണഭോക്തൃ വിഹിതം- 341631/31.3.22<br>₹750/- തനത് ഫണ്ട് – വൗച്ചർ നമ്പർ ലഭ്യമല്ല.<br>ആകെ-₹8,07,500 | 323 | TPA/920/ 21-22 Dt:24.3.22 |

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം 2,500/- രൂപ വിലയുള്ള 416 ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ റെയിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രൊജക്ടു ചെലവ് പരിശോധനയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. 416 ഗുണഭോക്താക്കളിൽ 94 പേരുടെ കൈപ്പറ്റ് രസീത് മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. 2,3,8 വാർഡുകളിലെ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ലഭ്യമായിരിക്കുന്നത്. ബാക്കിയുള്ള 322 ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയത് ആയിട്ടുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 2500/- രൂപ വിലയുള്ള ഒരു റിംഗ് കമ്പോസ്റ്റ് യൂണിറ്റിന് 250/- രൂപയാണ് ഗുണഭോക്തൃവിഹിതം. 2424, 2525, 2426, 2427 എന്നീ റസീറ്റ് ബുക്കുകൾ ലഭ്യമാക്കിയതിൽ 416 ഗുണഭോക്താക്കൾ ഉള്ളതിൽ 344 പേരുടെ ഗുണഭോക്തൃ വിഹിതം മാത്രമാണ് കളക്ട് ചെയ്തിരിക്കുന്നത്. മാനവൽ റസീറ്റിൽ രേഖപ്പെടുത്താതെ 72 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം കൈപ്പറ്റിയതെങ്ങനെ എന്ന് വ്യക്തമല്ല. ഭൂരിഭാഗം റസീറ്റുകളിലും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. റസീറ്റിൽ തുക സ്വീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. 31.3.2022 നാണ് 416 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം തുകയായ 104000 ഒരുമിച്ച് തനത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. ഈ ദിവസം തന്നെയാണ് റെയ്ഡ്കോയ്ക്ക് പെയ്മെന്റ് നടത്തിയിരിക്കുന്നതും. ഗുണഭോക്തൃ വിഹിതം അത് സ്വീകരിക്കുന്ന തീയതി തന്നെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. റസീറ്റിൽ തുക സ്വീകരിച്ച തീയതി രേഖപ്പെടുത്താത്തതിനാൽ ഗുണഭോക്തൃ വിഹിതം എത്ര ദിവസം കഴിഞ്ഞാണ് തനത് ഫണ്ടിൽ ഒടുക്കിയതെന്ന് വ്യക്തമല്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/15.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും തുടർനടപടികൾ ഒഴിവാക്കേണ്ടതുമാണ്.

1-23 ലൈഫ്-അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പട്ടികജാതി അഡീഷണൽ വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താവായ ധന്യ കെ, 26.3.2021 ന് അഡ്വാൻസ് ഗഡുവായ ₹40000 കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുടർന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളൊന്നുമില്ല. ഗ്രാമപഞ്ചായത്ത് ഗുണഭോക്താവുമായി ഭവന നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി ഉൾപ്പെടെയുള്ള നിബന്ധനകൾ രേഖപ്പെടുത്തിയ കരാർ വയ്ക്കേണ്ടതാണ്. ഗുണഭോക്താവുമായി വച്ചിരിക്കുന്ന കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(20/15.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 ലൈഫ് മിഷൻ -വായ്പ തുക തിരിച്ചടച്ചിട്ടും വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹176000/- തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി കൂടുതൽ തുക ലഭിച്ചതിനാൽ ലൈഫ് പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പ തുകയുടെ ഒന്നാം ഗഡുവായ ₹461800 ആവശ്യമില്ലാത്തതിനാൽ 28-03-2019 ൽ തന്നെ തിരിച്ചടച്ചിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ 2019-2020 സാമ്പത്തികവർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ തുക കുറവ് ചെയ്യുവരുന്നുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | കുറവ് ചെയ്ത തുക പൊതുവിഭാഗം-സാധാരണവിഹിതം | കുറവ് ചെയ്ത തുക എസ് സി പി |
|---|---|---|
| 2019-20 | 73529 | |
| 2019-20 | 73529 | |
| 2020-21 | 204941 | |
| 2021-22 | 176000 | |
| 2022-23 | 51333 | 111956 |
| ആകെ | 579333 | 111956 |

2021-22 സാമ്പത്തികവർഷത്തിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ-169/22) പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ₹176000/- കുറവ് ചെയ്തിട്ടുണ്ട്. ജി ഒ പ്രോജക്ട് പ്രകാരം സ്രോതസ്സിൽ തൻവർഷം കുറവ് ചെയ്ത ₹176000/- ഉൾപ്പെടെ നാളിതുവരെയായി കുറവ് ചെയ്ത മൊത്തം തുകയും തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം.

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹324412 മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം | 160/22 |
| പ്രൊജക്ടിന്റെ പേര് | ഗവൺമെന്റ് ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | ₹1,20,000 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) |
| ചെലവ് | ₹1,01,217-ബിൽ നം.199/23.3.22 (ACR പ്രകാരം) |

ഗവൺമെന്റ് ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നമ്പർ PRF7091/19.3.22 പ്രകാരം ₹1,01,217 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്.

2.സാന്ത്വന പരിചരണം പരിരക്ഷ

| | |
|---|---|
| പ്രൊജക്ട് നം | 58/22 |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണം പരിരക്ഷ |
| അടങ്കൽ | ₹4,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹7,00,000 |

| | |
|---|---|
| ചെലവ് | ₹376095-വികസന ഫണ്ട്(പൊതു വിഭാഗം)<br>₹3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹676095 |
| ബിൽ നം./തിയതി | ₹111375-29/28.7.21<br>₹101690-66/15.11.21<br>₹112050-ചെക്ക് നം.JN-4292962/10.2.22<br>₹187950-ചെക്ക് നം.JK-1022960/24.3.22<br>₹163030-12/26.3.22 |

സാന്ത്വന പരിചരണം ആവശ്യമായ രോഗികൾക്കായി പ്രൊഫോർമ ഇൻവോയ്സ് നം.PRF6595/7.3.22-₹69175, PRF7090/19.3.22-₹154020 എന്നിവ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹223195 മുൻകൂറായി നൽകിയിട്ടുണ്ട്.

എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. ആയത് ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(18/15.1.23) നൽകിയ മറുപടിയിൽ മേൽ പരാമർശിച്ച 3 ഇൻവോയ്സുകളിലായി ₹2,41,379 യുടെ മരുന്നുകൾ നിലവിൽ ലഭ്യമായിട്ടുണ്ടെന്നും ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ₹83033യുടെ മരുന്നുകൾ കൂടി ലഭ്യമാക്കി ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-26 ഹോമിയോ (എൻ.എച്ച്.എം) ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ (എൻ.എച്ച്.എം) ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് തുക കൈമാറിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായിട്ടില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ / പേര് | ബിൽ നം/ചെക്ക് നം, തുക | പ്രോഫോർമ ഇൻവോയ്സ് നം./തീയതി, തുക | ലഭ്യമായ മരുന്നിന്റെ വിവരം (രൂപയിൽ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|
| 10/22<br>ഹോമിയോ (എൻ.എച്ച്.എം) ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ<br><br>അടങ്കൽ തുക – ₹200000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 34/21-22 തീയതി 18.10.21<br>₹100000<br>59/21-22 തീയതി 18.03.22<br>₹100000<br><br>₹200000 | 699/26.10.21<br>100000/-<br>1569/11.03.22<br>100000/- | 133246/ | 66754/- |

2021-22 വർഷം ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.01.23) ₹66754യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ ,പ്രിന്റർ വാങ്ങൽ-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്റ്റ് നമ്പർ /പേര് | 159/22 ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ -പ്രിന്റർ വാങ്ങൽ |
| അടങ്കൽ | 80000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | |
|---|---|
| ചെലവ് | 39797/-ബിൽ നം 60/21-22 തീയതി 26.03.22 |

മേൽ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങിക്കുന്നതിനു വേണ്ടി കെൽട്രോണിന്റെ 21.03.22 തീയതിയിലെ 36690 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 39797/-രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ 799011400003959 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കമ്പ്യൂട്ടർ, ലഭിച്ചതായി കാണുന്നില്ല. മേൽ വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/12.01.23) പ്രസ്തുത പ്രൊജക്ട് സ്പിൽ ഓവറായി 22-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും, കമ്പ്യൂട്ടർ വാങ്ങിക്കുന്നതിനായി ₹15157യും, പ്രിന്ററിനായി ₹18347യും ഉൾപ്പെടെ ₹33504 ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്.

## 1-28 തുടർ വിദ്യാഭ്യാസ പരിപാടി - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 07/22 തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | 90250/-<br>Development Fund 45125/-<br>Benificiary Conribution 45125 |
| ചെലവ് | 56550/-<br>Development Fund 28275/- (Bill NO.219/22)<br>Benificiary Conribution 28275/-(Bill No. 220/22) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1) പത്താംതരം തുല്യതാ പരീക്ഷ, പന്ത്രണ്ടാം തരം തുല്യതാ പരീക്ഷ , അച്ചി ഹിന്ദി പരീക്ഷ, ഗുഡ് ഇംഗ്ലീഷ് പരീക്ഷ എന്നീ പരീക്ഷകൾ എഴുതുന്നതിനു പഠിതാക്കൾക്ക് അവസരമൊരുക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. എന്നാൽ ഇതിൽ ഏതെല്ലാം പരീക്ഷകൾ കുട്ടികൾ എഴുതി എന്നോ, ഏതെല്ലാം പരീക്ഷകൾക്കു വേണ്ടിയാണ് പണം അടവാക്കിയതെന്നോ ഫയലിൽ വ്യക്തമല്ല.

2) എത്ര കുട്ടികൾ മേൽ പരീക്ഷ എഴുതി വിജയം വരിച്ചു എന്നതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3) കുട്ടികളെ പരീക്ഷക്ക് തയ്യാറാക്കുന്നതിനായി എന്തൊക്കെ പരിശീലനങ്ങൾ നൽകി എന്നത് വ്യക്തമല്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13നു സമർപ്പിച്ച മറുപടിയിൽ കുട്ടികളുടെ ക്ലാസ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു എന്ന മറുപടിയാണ് സമർപ്പിച്ചിട്ടുള്ളത്. എത്ര കുട്ടികൾ നിലവിൽ പഠനം തുടരുന്നു എന്നും അവരുടെ ഹാജർ വിവരങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 വിജിലൻസ് & ആൻഡി കറപ്ഷൻ ബ്യൂറോ ക്രമക്കേട് കണ്ടെത്തിയ മാമാനിക്കുന്ന് സിദ്ധീഖ് നഗർ റോഡ് നിർമ്മാണത്തിൽ (പ്രോജക്ട് നമ്പർ-18/11) അധികം നൽകിയ തുക 68,304/-രൂപ പലിശ സഹിതം ഈടാക്കുന്നതിലെ കാലതാമസം.

2010-11 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മാമാനിക്കുന്ന് സിദ്ധീഖ് നഗർ റോഡ് നിർമ്മാണത്തിൽ (പ്രോജക്ട് നമ്പർ-18/11) വിജിലൻസ് & ആൻഡി കറപ്ഷൻ ബ്യൂറോ ക്രമക്കേട്

കണ്ടെത്തുകയുണ്ടായി.യഥാർത്ഥ നിരക്കിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് തെറ്റായതും ആവശ്യത്തിലധികം അളവ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയും കരാറുകാരന് 68,304/-രൂപ അധികം നൽകിയതായി കണ്ടെത്തുകയും പ്രസ്തുത തുക കോടതിയുത്തരവ് പ്രകാരം (മുൻസിഫ് കോടതി,തളിപ്പറമ്പ്-OS No-73/2020) പലിശ സഹിതം തിരിച്ചുപിടിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തുക പലിശയുൾപ്പെടെതിരിച്ചടക്കുന്നതിന് ഗ്രാമപഞ്ചായത്ത് പല പ്രാവശ്യം കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും തുക തിരിച്ചടിച്ചിട്ടില്ല. കരാറുകാരൻ ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ടെങ്കിലും സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ തുക പലിശയുൾപ്പെടെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-31 റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്, ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ_ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വിഴ്ചകളും തനത് വരുമാനവർദ്ധവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ചകൾ

സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുമത്തുവാനുള്ള സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച .

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ വർഷങ്ങളായി ചെലവഴിക്കുന്നുണ്ടെങ്കിലും 2019-2020ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതിയിൻമേൽ സേവനഉപനികുതി ചുമത്തിയത് തെരുവ് വിളക്കുകൾക്ക് മൂന്ന് ശതമാനവും ഡ്രെയിനേജിന് രണ്ട് ശതമാനവും ഉൾപ്പെടെ ആകെ അഞ്ച് ശതമാനം മാത്രമാണ്. ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |

| | | |
|---|---|---|
| 4 | ഡ്രെയിനേജ് | 1 |

മേൽസൂചിപ്പിച്ച സേവനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്ന തുക വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സേവനഉപനികുതി ചുമത്തി കണ്ടെത്തുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ സാധിക്കാതിരുന്നത് കാരണം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയുണ്ടാകുന്നതിനിടാക്കിയിട്ടുണ്ട്.

വളരെയേറേ കാലതാമസം നേരിട്ട ശേഷം നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണം പോലുള്ള വിഷയങ്ങളിൽ സേവനഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകൾ പ്രസ്തുത സേവനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്ന തുക കൂടി പരിഗണിച്ച് സേവനഉപനികുതി നിരക്കുകൾ യുക്തിപൂർവ്വം തീരുമാനിച്ച് നടപ്പിലാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് കാരണങ്ങൾ

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ചതും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

2. സഞ്ചയ പ്രകാരം നിരവധി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതിനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ കാരണം രേഖപ്പെടുത്താത്തതിനാലും വ്യക്തമായ രേഖകളുടെ അഭാവത്തിലും ഇതു സംബന്ധിച്ച കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളോ മുറികളോ ഉണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ,മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഫീൽഡ് തല പരിശോധന നടത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണമുണ്ടെങ്കിൽ ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8. 2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഘടകങ്ങളുടെ കാര്യത്തിലും കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9. 2013-14 സാമ്പത്തികവർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പഞ്ചവത്സരറിവിഷൻ 2017-18 കാലയളവിൽ അവസാനിച്ചുവെങ്കിലും 2018-19 മുതൽ പ്രാബല്യത്തിൽ നടത്തേണ്ട പഞ്ചവത്സരറിവിഷന് സർക്കാർ അനുമതി നൽകിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള പഞ്ചവത്സരറിവിഷന് വേണ്ട നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി പോഷകാഹാരം-തീരമൈത്രിക്ക് ₹ 2,41,057 അധികം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രൊജക്ട് നമ്പർ | 13/2022 |
| അടങ്കൽ | ₹10,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹10,00,000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ ₹20,00,000 |
| ചെലവ് | ₹9,93,798 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹8,64,165 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ ₹1857963 |
| ബിൽ നം/തിയതി | ₹772946-1/21-22/25.6.21<br>₹191753-2/21-22/30.9.21<br>₹29099-4/21-22/30.9.21<br>₹528711-ചെക്ക് നം.303133/12.11.21<br>₹335454-ചെക്ക് നം.333221/28.6.21 |

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ ന്യൂട്രിമിക്സ് ഉൾപ്പെടെയുള്ള പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്റ്റ്. ഗോതമ്പ്, ചെറുപയർ, ഉഴുന്നുപരിപ്പ്, കടല മുതലായ ഭക്ഷ്യവസ്തുക്കൾ തീരമൈത്രി സൂപ്പർമാർക്കറ്റ്, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് ശ്രേയസ് ന്യൂട്രിമിക്സ് യൂണിറ്റ്,പടിയൂരിൽ നിന്നുമാണ് വാങ്ങുന്നത്. പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും പരിശോധിച്ചപ്പോൾ, 18.12.2019 ന് തീരമൈത്രി യൂണിറ്റ് വിതരണം ചെയ്ത ഗോതമ്പ്,ചെറുപയർ,ഉഴുന്നുപരിപ്പ്,കടല,എണ്ണ,ശർക്കരഎന്നീ ഭക്ഷ്യവസ്തുക്കളുടെ വിലയായ ₹310334 (ഇൻവോയ്സ് നം.2660/18.12.19) തീരമൈത്രി യൂണിറ്റിന്റെ 145433000000023 നം അക്കൗണ്ടിലേക്ക് ബിൽ നം. 1/21-22/25.6.21 പ്രകാരം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം നടപ്പിലാക്കിയ പ്രോജക്ടിൽ ഇൻവോയ്സ് നം.2660/18.12.19 നമ്പർ പ്രകാരം വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ തുക നാളിതുവരെയായി ലഭ്യമായിട്ടില്ല എന്നും ആയത് അടിയന്തിരമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുള്ള തീരമൈത്രി യൂണിറ്റിന്റെ 4.1.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിലാണ് ടി തുക വിതരണം ചെയ്തിരിക്കുന്നത്.

എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ പ്രോജക്ടിലെ ബില്ലുകൾ പരിശോധിച്ചതിൽ നിന്നും 7/2019-20/7.3.20 നമ്പർ ബിൽ പ്രകാരം ₹241057, ഇതേ ഇൻവോയ്സ് (നം.2660/18.12.19) പ്രകാരമുള്ള ഭക്ഷ്യവസ്തുക്കളുടെ വിലയിനത്തിൽ തീരമൈത്രി യൂണിറ്റിന് നൽകിയിട്ടുണ്ട്.അതായത് ഒരേ ബില്ലിന് രണ്ടു തവണ പേയ്മെന്റ് നൽകിയ വകയിൽ ₹241057 തീരമൈത്രി യൂണിറ്റിന് അധികം നൽകിയിട്ടുണ്ട്. ₹241057 അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(6/11.1.23) ടി തുക ഭാഗികമായി പേയ്മെന്റ് വന്നുവെന്ന് മനസ്സിലാക്കുന്നതിൽ വീഴ്ച പറ്റിയതാണെന്നും തുക തീരമൈത്രിയിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിൽ കുടിശ്ശികയുള്ള വിവരം നിർവഹണഉദ്യോഗസ്ഥൻ

അറിയിക്കാത്ത സാഹചര്യത്തിൽ കുടിശ്ശികക്കുള്ള സ്ഥാപനത്തിന്റെ ക്ലെയിം വിശദപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. കുടിശ്ശികയായി വരുന്ന ബില്ലുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരമല്ലാതെ ചെലവ് നടത്തുമ്പോൾ അത് കുടിശ്ശിക ആവാനുള്ള കാരണം വിശദമായ പരിശോധനക്ക് വിധേയമാക്കിയ ശേഷം സ്ഥിതി വിവരം നിർവഹണഉദ്യോഗസ്ഥൻ ഭരണസമിതിയിൽ അറിയിച്ച് അംഗീകാരം നേടേണ്ടതുമാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീയാക്കുകയോ, 2019-20 സാമ്പത്തിക വർഷത്തിലെ കുടിശ്ശികയായി വന്ന മേൽ ചെലവിന് ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.ഇപ്രകാരം ഭരണസമിതി അംഗീകാരമില്ലാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അങ്കണവാടി പോഷകാഹാരങ്ങളുടെ വില ഇനത്തിൽ അധികം അനുവദിച്ച ₹241057 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ആർജ്ജിതാവധി ടെർമിനൽ സറണ്ടർ കുടിശ്ശിക-₹47016 അധികം അനുവദിച്ചു.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽനിന്നും 30.04.20 ന് വിരമിച്ച ശ്രീ.രവീന്ദ്രൻ കെ.എൻ.,ക്ലർക്ക് എന്നവരുടെ ജി.ഓ(പി)25/21 /ഫിൻ തി:8.2.21 നം ഉത്തരവ് പ്രകാരമുള്ള 258 ദിവസത്തെ ടെർമിനൽ സറണ്ടർ കുടിശ്ശിക ₹136594 തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് (വൗച്ചർ നം.22100207/24.12.21).അരിയർ തുക കണക്കാക്കിയതിൽ താഴെപ്പറയും പ്രകാരം അധികം വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അർഹമായ തുക | | | | 2020-21 ൽ ടെർമിനൽ സറണ്ടർ ആയി അനുവദിച്ച തുക | | | | കുടിശ്ശികയായി അനുവദിക്കേണ്ട തുക | കുടിശ്ശികയായി അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|---|---|---|
| Basic 57900 | DA(4%) | HRA @1250 | ആകെ | Basic 41500 | DA(20%) | HRA @1250 | ആകെ | 89578 | 136594 | 47016 |
| 497940 | 19918 | 10750 | 528608 | 356900 | 71380 | 10750 | 439030 | | | |

അധിക തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/15.1.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച ₹47016 ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 05.01.23 & 06.01.23 | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.4/69/23 തീയതി: 23.03.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 0 | 320000 | 320000 | ലൈഫ് മിഷൻ ഭവനപദ്ധതി-പട്ടികജാതി-SO 126/22 | 320000 | 0 |
| | 0 | 161100 | 161100 | ശാരീരിക മാനസിക വെല്ലുവിളികൾ | 161100 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-15/22 | | |
| | 0 | 25000 | 25000 | ക്ഷീരകർഷകർക്ക് ഉൽപ്പാദന ബോണസ്- 51/22 | 25000 | 0 |
| | 0 | 748123 | 748123 | ശാന്തിതീരം പൊതുശ്മശാനം-നവീകരണം-SO 100/22 | 748123 | 0 |
| ആകെ | 0 | 1254223 | 1254223 | | 1254223 | 0 |
| ജില്ലാ പഞ്ചായത്ത്,കണ്ണൂര് | 0 | 284736 | 284736 | ലൈഫ് മിഷൻ ഭവനപദ്ധതി-SO 123/22 | 284736 | 0 |
| | 0 | 250000 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ്-15/22 | 250000 | 0 |
| | 0 | 867086 | 867086 | ഫുട്ബാൾ ഗ്രൗണ്ട് നവീകരണം-പെരുവളത്ത് പറമ്പ-SO 101/22 | 867086 | 0 |
| | 0 | 1489762 | 1489762 | ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം-SO 116/22 | 1489762 | 0 |
| | 0 | 300000 | 300000 | സാന്ത്വനപരിചരണം-പരിരക്ഷ - 58/22 | 300000 | 0 |
| | 0 | 4000 | 4000 | ക്ഷീരകർഷകർക്ക് ഉൽപ്പാദനബോണസ്-51/22 | 4000 | 0 |
| ആകെ | 0 | 3195584 | 3195584 | | 3195584 | 0 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 230379/- രൂപയും (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) നഗരസഭവിഹിതമായി ലഭിച്ച 250224/- രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം ചെലവഴിക്കാത്ത പക്ഷം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ-90/22 | 1)22100376/07-03-2022-₹346035 2)22100434/26-03-2022-₹ 98864 3)22100257/25-01-2022- | ₹994000 | ₹994000 | 0 |

| | | | | | |
|---|---|---|---|---|---|
| | | ₹ 549103 | | | |
| കേരള ഭൂജലവകുപ്പ് | വിവിധ വാർഡുകളിൽ കുഴൽക്കിണർ കുഴിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കൽ-89/22 | 1) 22100263/23-01-2022- ₹ 9675 2)22100409/21-03-2022- ₹ 342000 | 351675 | 0 | 351675 (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22 വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2019-20 | 1-11-2 | 779 | കെ കെ മനോഹരൻ പി വി രമണി, പി വി ഷീബ | 1210400290 തീ.31/03/2022 |
| 2 | 2019-20 | | 739 | കെ കെ മനോഹരൻ, പി വി രമണി, പി വി ഷീബ | 1210400291 തീ.31/03/2022 |
| 3 | 2019-20 | | 538 | ജയകൃഷ്ണരാജൻ കെ , പ്രിയകല കെ | 1210400292 തീ. 31/03/2022 |
| 4 | 2019-20 | | 509 | ജയകൃഷ്ണരാജൻ കെ , പ്രിയകല കെ | 1210400293 തീ 31/03/2022 |
| | ആകെ | | 2565 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-7 | 2007-08 | 3.13 | നിഷ്ക്രിയ ആസ്തിയായി മാറിയ കുടുബശ്രീ ഉൽപ്പന്ന വിപണനകേന്ദ്രം | നിലവിൽ കുടുബശ്രീ ഉൽപ്പന്ന വിപണനകേന്ദ്രത്തിലെ മുഴവൻ മുറികളിലും സംരഭങ്ങൾ പ്രവർത്തിച്ചുവരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | | (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 2003-04 | - | 2000-01 | 8 | നടപ്പാക്കാത്ത പദ്ധതിചെലവ് അംഗീകരിക്കുന്നില്ല. | നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം |
| 2016-17 | 1 | 2014-15 | 2.2<br>2.3 | വസ്തുനികുതി-അപാകങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം |
| 2016-17 | 2 | 2014-15<br>2015-16 | 2.4(2)(3)<br>2.2 | തൊഴിൽ നികുതി ചുമത്തുന്നതിലെയും ഈടാക്കുന്നതിലെയും അപാകങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47459561 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44599746 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 288073 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 181077 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-15 (3-2) | | 47016 | എൻ.യു.ഇബ്രാഹിം, സെക്രട്ടറി ഇരിക്കൂർ ഗ്രാമപഞ്ചായത്ത് |
| 1-19 (3-1) | | 241057 | ശ്രീമതി ലളിത.എം, ഐ സി ഡി എസ് സൂപ്പർവൈസർ, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്. |
| ആകെ | | 288073 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 50000 | എൻ.യു. ഇബ്രാഹിം, സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്. |
| 1-20 | 1077 | ശ്രീമതി. ലളിത. എം, ഐ സി ഡി എസ് സൂപ്പർവൈസർ, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്. |
| 1-21 | 130000 | ശ്രീ.ജലാലുദ്ദീൻ.കെ.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇരിക്കൂർ ഗ്രാപഞ്ചായത്ത്. |
| ആകെ | 181077 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-1-11, 1-12, 1-22

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.യു.ഇബ്രാഹിം, സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്. | സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്. | അറഫ മൻസിൽ,<br>പള്ളിവയൽ,<br>ചെങ്ങളായി (പി.ഒ)<br>കണ്ണൂർ ജില്ല-670631 |
| ശ്രീമതി.ലളിത.എം, ഐ സി ഡി എസ് സൂപ്പർവൈസർ, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്. | ഐ സി ഡി എസ് സൂപ്പർവൈസർ,<br>മയ്യിൽ ഗ്രാമപഞ്ചായത്ത്,<br>കണ്ണൂർ ജില്ല. | ലളിതാലയം,<br>പട്ടാന്നൂർ (പി.ഒ),<br>കണ്ണൂർ ജില്ല. |
| ശ്രീ.ജലാലുദ്ദീൻ.കെ.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇരിക്കൂർ ഗ്രാപഞ്ചായത്ത്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇരിക്കൂർ ഗ്രാപഞ്ചായത്ത്. | കട്ടേരി (ഹൗസ്),<br>മാലൂർ (പി.ഒ),<br>കണ്ണൂർ ജില്ല-670631 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി/1407/2022<br>തീയതി 05.11.2022 | 3 | |
| 2000-01<br>(പദ്ധതി<br>വിഹിതം) | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 1 | |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 1 | |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 2 | |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 1 | |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 1 | |
| 2012-13,2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 2 | |
| 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 3 | |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 1 | |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 5 | |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 2 | |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി4/1407/2022<br>തീയതി 05.11.2022 | 4 | |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.4/101/2022<br>തീയതി 08.03.2022 | 24 | |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.4/102/2022<br>തീയതി 18.03.2022 | 30 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Irikkur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7019265.00 |
| Cash | Cash | RP-40(a) | 89586.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1265770.00 |
| 140000000 | Fees & User Charges | RP-4 | 700763.00 |
| 150000000 | Sale & Hire Charges | RP-5 | 199915.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 26129207.00 |
| 171000000 | Interest Earned | RP-9 | 129924.00 |
| 190000000 | Prior Period Income | RP-11 | 14300.00 |
| 210000000 | Establishment Expenses | RP-12 | 750.00 |
| 310000000 | Panchayat Fund | RP-27 | 78.00 |
| 311000000 | Earmarked Funds | RP-28 | 18526.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13294385.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4812394.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 90.00 |
| 340000000 | Deposits Received | RP-33 | 440221.00 |
| 350000000 | Other Liabilities | RP-35 | 453238.00 |
| | Grand total | | 54568412.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1891194.00 |
| 220000000 | Administrative Expenses | RP-13 | 177301.00 |
| 230000000 | Operations & Maintenance | RP-14 | 515571.00 |
| 240000000 | Interest & Finance Charges | RP-15 | 2546.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 4939757.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 4734140.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 4204330.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 824940.00 |
| 412000000 | Capital Work In Progress | RP-39 | 3333509.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1463250.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 299643.00 |
| 460000000 | Loans, Advances and Deposits | RP-49 | 855785.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 125523.00 |
| 350000000 | Other Liabilities | RP-35 | 21232257.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9366002.00 |
| Cash | Cash | RP-40(b) | 602664.00 |

| | | |
|---|---|---|
| | Grand Total | 54568412.00 |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Irikkur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5484275.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 154375.00 |
| 140000000 | Fee & User Charges | I-4 | 1063140.00 |
| 150000000 | Sale & Hire Charges | I-5 | 309915.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 73301404.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 129924.00 |
| 180000000 | Other Income | I-9 | 209146.00 |
| 190000000 | Prior Period Income | I-19 | -23554.00 |
| | Total Income | | 80652179.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12463794.00 |
| 220000000 | Administrative Expenses | I-11 | 479571.00 |
| 230000000 | Operations & Maintenance | I-12 | 1135299.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 4624.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2048070.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 12213347.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5467480.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 11311103.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 28401080.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 5360520.00 |
| | Total Expenditure | | 78884888.00 |
| | Gross Surplus / Deficit of income over Expenditure | | -1767291.00 |
| | Gross Surplus / Deficit of income over Expenditure | | -1686445.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -104400.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 80846.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

Irikkur Grama Panchayat
BALANCE SHEET

| As on 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -6650250.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 88133.00 |
| 312000000 | Reserves | B-3 | 46345695.00 |
| | Total Reserve & Surplus | | 39783578.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5476774.00 |
| | Total Grants, Contributions for Specific Purposes | | 5476774.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 358579.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1304898.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1663477.00 |
| | TOTAL LIABILITIES | | 46923829.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2206751.00 |
| 412000000 | Capital Work in Progress | B-11(b) | 4417504.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1625526.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 13331117.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 40814209.00 |
| 416000000 | Accumulated Depreciation | B-11(a) | -28923627.00 |
| | Total Fixed Assets | | 33471480.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1568140.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9968666.00 |
| 460000000 | Loans, Advances and Deposits | B-18 | 1915543.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 13452349.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |

| | | |
|---|---|---|
| | Total Miscellaneous Expenditure (To the Extent not written off) | 0.0 |
| | TOTAL ASSETS | 46923829.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.